## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3139 — 10.05.2017 ൽ മറുപടിയ്ക്ക്

### അരി വിലയിൽ വർദ്ധനവ്

ചോദ്യം

ശ്രീ. മഞ്ഞളാംകുഴി അലി :

ഉത്തരം

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും
വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതു വിപണിയിൽ അരി വിലയിൽ വർദ്ധനവ് വന്നിട്ടുളള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇതര സംസ്ഥാനങ്ങളിലെ വിതരണക്കാരുമായി യഥാസമയം ചർച്ചകൾ നടത്തുന്നതിനും ഫലപ്രദമായി ഇടപെടുന്നതിനും കഴിയാത്തതാണ് ഈ സ്ഥിതിവിശേഷത്തിന് ഇടയാക്കുന്നതെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ; | (ബി) | അരിവില വർദ്ധനയുമായി ബന്ധപ്പെട്ട് ഇതര സംസ്ഥാനങ്ങളിലെ വിതരണക്കാരുമായി യഥാസമയം ചർച്ച നടത്തിയിട്ടുണ്ട്. ആന്ധ്രയിലുണ്ടായ കൊടും വരൾച്ചമൂലം വൻതോതിൽ വിളനാശം സംഭവിക്കുകയും തൻമൂലം ഉണ്ടായ നെല്ലിന്റെ ലഭ്യതക്കുറവ് സംസ്ഥാനത്ത് അരിവില ഉയരാൻ ഇടയാക്കുകയും ചെയ്തു. എന്നിരുന്നാലും ആന്ധ്ര ഇതര സംസ്ഥാനങ്ങളിൽ നിന്നും ഇ-ടെണ്ടർ മുഖേന ജയ അരി ലഭ്യമാക്കി സംസ്ഥാനത്ത് സബ്സിഡി നിരക്കിൽ വിതരണത്തിന് എത്തിച്ചിരുന്നു . |
| (സി) | പൊതുവിപണിയിലെ നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിന് സർക്കാർ കാര്യക്ഷമമായി ഇടപെടുന്നുണ്ടെന്ന കാര്യം ഉറപ്പു വരുത്തുമോ? | (സി) | നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവിനെ നേരിടാൻ ശക്തമായ വിപണിയിടപെടൽ പദ്ധതി സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന കാര്യക്ഷമമായി നടപ്പാക്കി വരുന്നു . പൊതുവിപണിയിലെ അവശ്യവസ്തുക്കളുടെ വിലവർദ്ധനവ് നിയന്ത്രിക്കാനും അവശ്യവസ്തുക്കൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതിനുമായി സബ്സിഡി നിരക്കിൽ 13 ഇനം അവശ്യസാധനങ്ങൾക്കുപുറമേ ഒ.എം.എസ്.എസ്. |

| | | | |
|---|---|---|---|
| | | | പുഴുക്കലരി, പച്ചരി, ആന്ധ്ര ഇതര അരി എന്നിവ വിൽപ്പനശാലകൾ വഴി വിതരണം ചെയ്തു വരുന്നു. സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 28 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലകുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതു ജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു. ഇത് കൂടാതെ ചായപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ് എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈക്കോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ ഗുണ നിലവാര പരിശോധനയ്ക്ക് ശേഷം പൊതു വിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വിലക്കുറവിൽ വിറ്റു വരുന്നു. ഇതിനുപുറമേ മറ്റ് അവശ്യ സാധനങ്ങളും, എഫ്.എം.സി.ജി. ഉൽപ്പന്നങ്ങളും എം.ആർ.പി./ മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. കൂടാതെ അരിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും, വില വർദ്ധനവ് തടയുന്നതിനുമായി വിവിധ ജില്ലകളിൽ അരിക്കട ഫെയറുകൾ ആരംഭിക്കുകയും, സബ്സിഡി നിരക്കിലും നോൺ സബ്സിഡി നിരക്കിലുമായി എല്ലാത്തരം അരി ഇനങ്ങളും വിതരണം ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ